(ബി) 27 മുനിസിപ്പാലിറ്റികളും, 3 പഞ്ചായത്തുകളും സമ്പൂർണ്ണ ഖരമാലിന്യ സംസ്ക്കരണത്തിനുള്ള പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. ക്ലീൻ കേരള മിഷന്റെ സാങ്കേതിക പരിശോധനയ്ക്ക് ശേഷം 14 മുനിസിപ്പാലിറ്റിയുടെ പദ്ധതികൾ ഗവൺമെന്റ് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതി സമർപ്പിക്കാത്ത മുനിസിപ്പാലിറ്റിക്കളോടും, പഞ്ചായത്തുകളോടും ഖരമാലിന്യ സംസ്ക്കരണത്തിനുള്ള പദ്ധതി എത്രയുംവേഗം സമർപ്പിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതുവരെയായി മുനിസിപ്പാലിറ്റികളിലെ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികളാണ് പ്രധാനമായും പരിശോധിച്ചു വരുന്നത്. ഗ്രാമ പഞ്ചായത്തുകളിലും ഖരമാലിന്യ സംസ്ക്കരണ പദ്ധതി വ്യാപിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശാസ്ത്രീയ ഖരമാലിന്യ മാനേജ്മെന്റ്

111[886] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്തീയ ഖരമാലിന്യ മാനേജ്മെന്റ് വികസിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ക്ലീൻ കേരള പ്രോജക്ട് എന്നാണ് ആരംഭിച്ചത്; ഇതിനകം ഏതെല്ലാം കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഖരമാലിന്യ മാനേജ്മെന്റ് നടപ്പാക്കുന്നതിന് 2004-05-ലെ ബഡ്ജറ്റിൽ എന്തു തുകയാണ് നീക്കിവെച്ചത് ; ഇതിൽ എന്തു തുക ഇതിനകം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2000-ാം മാണ്ടിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനം കൈകാര്യം ചെയ്യലും) ചട്ടങ്ങൾ പ്രകാരവും 31-3-2004-ലെ സ. ഉ. നമ്പർ 40/04/പ്ലാനിംഗ് പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഖരമാലിന്യ സംസ്ക്കരണ പദ്ധതി തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന് സാങ്കേതിക സഹായം നൽകുന്നതിനും പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുംവേണ്ടി സർക്കാർ ക്ലീൻ കേരള മിഷന് രൂപം കൊടുത്തിട്ടുണ്ട്. സ്രോതസ്സിൽ തന്നെ തരംതിരിച്ചുള്ള മാലിന്യശേഖരണം, ശാസ്ത്രീയമായി നിജപ്പെടുത്തിയ തെരുവ് ശുചീകരണം, കുറ്റമറ്റ ട്രാൻസ്പോർട്ടേഷൻ, സംസ്ക്കരണ പ്ലാന്റ്, പരിസ്ഥിതിപരമായ ലാന്റ് ഫില്ലിംഗ് സൗകര്യം ഇവ ഉൾപ്പെടുന്ന സംയോജിത ഖരമാലിന്യ പദ്ധതി തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ക്ലീൻ കേരള പ്രോജക്ട് ആരംഭിച്ചത് 2003 ഫെബ്രുവരിയിലാണ്. 7 മുനിസിപ്പാലിറ്റികളിലും രണ്ടു കോർപ്പറേഷനിലും സംസ്ക്കരണത്തിന് ഭാഗികമായ സംവിധാനങ്ങൾ ഉണ്ട്. ഒരു കോർപ്പറേഷനിൽ പൂർണ്ണ സംസ്ക്കരണ സംവിധാനവും ഉണ്ട്.

(സി) 2004-05 സാമ്പത്തികവർഷം 50 ലക്ഷം രൂപയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. കൂടാതെ ഭരണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2004-05 സാമ്പത്തിക വർഷം 77 ലക്ഷം രൂപയും പദ്ധതിയുടെ ത്വരിത പ്രവർത്തനത്തിന് സപ്ലിമെന്ററി ഗ്രാന്റായി 10 കോടി രൂപയും സർക്കാർ വകയിരുത്തിയിട്ടുണ്ട്. 2004-05 ചെമാവിനു നിർമ്മാർജ്ജന പ്രവർത്തനത്തിനുള്ള തുകയിൽ നിന്നും 2005 ജനുവരി വരെ 10.23 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കൊച്ചി നഗരത്തിന് പുതിയ സിവറേജ് ട്രീറ്റ്മെന്റ് സംവിധാനം

112 [887] പ്രൊഫ. കെ.വി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരത്തിന് പുതിയ സിവറേജ് ട്രീറ്റ്മെന്റ് സംവിധാനം നടപ്പിലാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ;

(സി) കൊച്ചിൻ കോർപ്പറേഷന്റെ ബ്രഹ്മപുരം ചെമാവിനു സംസ്ക്കരണ പ്ലാന്റ് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള അനുവാദവും സാമ്പത്തിക സഹായവും നൽകുമോ?

ഉത്തരം

(എ) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് നിയമസഭയ്ക്ക് ആഗ്രഹമുണ്ട്.

(ബി, സി) കൊച്ചി നഗരസഭ ബ്രഹ്മപുരത്ത് 37.33 ഏക്കർ ഭൂമിയാണ് പ്ലാന്റ് സ്ഥാപിക്കുന്നതിന് വാങ്ങിയിട്ടുള്ളത്. 65 ഏക്കർ ഭൂമികൂടി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്ലാന്റ് സ്ഥാപിക്കുന്നതിന് ബിഡ് ഡോക്യുമെന്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് ഫെഡോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൊച്ചി നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതി

113 [888] പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതി തുടർന്ന് നടത്തുന്നതിന് നഗരസഭയ്ക്ക് അനുവാദവും സാമ്പത്തിക സഹായവും നൽകുമോ;

(ബി) കൊച്ചി പത്ത സരോവരം പ്രോജക്ടിന് സംസ്ഥാന ഗവൺമെന്റ് അംഗീകാരവും സാമ്പത്തിക സഹായവും നൽകുമോ?

ഉത്തരം

(എ, ബി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly